
18-ാം
വയസ്സിലേക്ക്...
ടച്ച് മീ
TOUCH ME
സെപ്തംബർ 2025

# സ്മരണാഞ്ജലി

മൂന്നാം ചരമവാർഷികം



## ഒലക്കേങ്കിൽ കുഞ്ഞുവറീത്

# ജോസഫ്

നെഹ്റു നഗർ 8th അവന്യൂ

## കുന്നംകുളം

| ജനനം | മരണം |
| --- | --- |
| 22-10-1942 | 22-09-2022 |

ഭാര്യ, മക്കൾ, മരുമക്കൾ & പേരക്കുട്ടികൾ

*സ്മരണകളോടെ... സെല്ലി ഗ്രൂപ്പ്, കുന്നംകുളം*



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2025 സെപ്തംബർ | ലക്കം : 1

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771
**എം.കെ. ദേവസ്സി**
94953 28758
**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**എം.എൽ. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ സി. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ.ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| അമ്മയാം അഭയശില | 4 |
| ടച്ച് മീ നാൾവഴികളിലൂടെ... | 5 |
| സെന്റ് തോമസ് വാർഷികം | 8 |
| ഇടവക വാർത്തകൾ | 9 |
| കരിമ്പ് | 12 |
| വിശ്വാസപരിശീലനം | 13 |
| സഭാവാർത്തകൾ | 14 |
| മധുരക്കനി | 15 |
| പൊതുയോഗ വാർത്തകൾ | 16 |
| പ്രതിനിധിയോഗ വാർത്തകൾ | 17 |
| H1N1 ഇൻഫ്ളുവൻസ | 18 |
| മിഴിവിളക്ക് | 20 |
| സംഘടനാ വാർത്തകൾ | 21 |
| ജൂനിയർ സി.എൽ.സി. | 22 |
| ഇടവക ആൽബം | 23 |
| വഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"We will not be saints, if we're not united to Christ on the cross; there is no holiness without a cross, without notification".

സെപ്തംബർ മാസം വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഈ അവസരത്തിൽ നമുക്കൊന്ന് ചിന്തിക്കാം. കുരിശും സന്തോഷവും തമ്മിൽ എന്താണ് ബന്ധം? പരസ്പര വിരുദ്ധമായ ഇവ തമ്മിൽ പ്രത്യക്ഷത്തിൽ ചേർച്ചയില്ല. പക്ഷേ വിശുദ്ധ ജോസ് മരിയ എസ്ക്രിവയുടെ അഭിപ്രായത്തിൽ നമ്മൾ കുരിശു ചുമക്കുന്നത് സന്തോഷവും ആനന്ദവും കണ്ടെത്താനാണ്. ക്രിസ്തുവിൽ ഒന്നാകാനും ക്രിസ്തു ആകാനും അങ്ങനെ ദൈവത്തിന്റെ കുഞ്ഞാവാനുമാണ് കുരിശു വഹിക്കുന്നത്. ഇന്ന് കുരിശെന്ന് പറഞ്ഞാൽ ക്രിസ്തീയ വിശ്വാസത്തിന്റെ സാർവത്രിക ചിഹ്നമാണ്. നമ്മൾ അഭിമാനത്തോടെ അതിനെ പ്രതിഷ്ഠിക്കുന്നു. അണിയുന്നു, വണങ്ങുന്നു, പക്ഷേ ആദ്യകാല ക്രൈസ്തവർക്ക്, അന്യദൈവങ്ങളെ വണങ്ങാൻ കൂട്ടാക്കാത്ത റോമാക്കാർക്ക് അത് പലപ്പോഴും ഭീതി ഉണർത്തുന്ന ഭീഷണിപ്പെടുത്തുന്ന അടയാളമായിരുന്നു. എങ്കിലും അവർ ആ ഭീതിയെ അതിജീവിച്ച് കുരിശിനെ പുൽകാനാണ് ഇഷ്ടപ്പെട്ടത്. ശരിക്കും നമുക്ക് വമ്പുപറയാനും അഭിമാനിക്കാനും അഹങ്കരിക്കാനും ഒക്കെ ക്രിസ്തുവിന്റെ കുരിശും നമ്മുടെ ദുർബലതയും അല്ലാതെ വേറെ എന്താണുള്ളത്?

നമ്മുടെ കർത്താവിന്റെ ഏറ്റവും വലിയ പ്രസംഗപീഠമായി കാൽവരിയിലെ കുരിശ്. താൻ പറഞ്ഞതും പഠിപ്പിച്ചതുമെല്ലാം ജീവിച്ചു കാണിച്ചുകൊണ്ട് അവൻ കുരിശിൽ പിടഞ്ഞു മരിച്ചു. പാപത്തെയും മരണത്തെയും ചവിട്ടിത്താഴ്ത്തി കുരിശ് ഉയർന്നുനിന്നു. കുരിശിനാൽ യേശു അതിരുകൾ തകർത്തു. മനുഷ്യമനസ്സിലെ വിഭാഗീയതകൾ സുഖപ്പെടുത്തി. ലോകത്തെ ദൈവത്തോട് രമ്യതപ്പെടുത്തി. തന്റെ മക്കളോടുള്ള ഒരു പിതാവിന്റെ സ്നേഹമാണ് അവന്റെ ഏകജാതനെ അതിൽ തൂക്കിയിട്ടത്. നമ്മൾ ഒരിക്കലും അർഹിക്കാത്ത സ്നേഹം! കുരിശിലൂടെ ഈശോ നമ്മെ തന്റെ പിതാവുമായി രമ്യതയിലാക്കി. അത് ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

വിശുദ്ധ അൽഫോൻസ് ലിഗോരി പറയുന്നു: ഈശോയുടെ ഈ ലോക ജീവിതം കുരിശിന്റെ വഴി ആയിരിക്കണമെന്ന് പിതാവായ ദൈവം തിരുമനസ്സായി. ആകയാൽ കുരിശിന്റെ വഴി പിൻ ചെല്ലാതെ ഈശോയെ അനുഗമിക്കുക സാധ്യമല്ല. കുരിശ് തന്നാണ് ഈശോ സ്നേഹിക്കുക എന്നാണ് വിശുദ്ധ അൽഫോൻസമ്മ പറഞ്ഞിട്ടുള്ളത്. അവിടുന്ന് തന്നോട് ചേർത്തുപിടിച്ച് സ്നേഹിക്കുന്നവർക്ക് കൂടുതൽ കുരിശുകളും സങ്കടങ്ങളും ലഭിക്കുന്നു. തന്നോട് പ്രാർത്ഥന ചോദിക്കുന്നവരോട് അൽഫോൻസമ്മ പറയാറുള്ളത് 'ഞാൻ പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ലഭിക്കുന്നത് കുരിശുകൾ ആയിരിക്കും എന്നാണ്. നിന്നെത്തന്നെ പരിത്യജിച്ച് നിന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരിക എന്ന ഈശോയുടെ വാക്കുകൾ പലർക്കും കഠിനമായിതോന്നും. എന്നാൽ ശപിക്കപ്പെട്ടവരെ, എന്നിൽ നിന്ന് അകന്ന് നിങ്ങൾ നിത്യാഗ്നിയിലേക്ക് പോകുവിൻ എന്ന അന്തിമ വിധിവാക്യം കേൾക്കുക ഒന്നുകൂടി കഠിനമായിരിക്കില്ലേ? അതുകൊണ്ട് സ്വർഗ്ഗ രാജ്യത്തിൽ എത്തിക്കുന്ന കുരിശെടുക്കാൻ നീ എന്തിന് മടിക്കുന്നു? കുരിശിൽ തന്നെ രക്ഷ. കുരിശേ രക്ഷ!

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്



# ഇടയമൊഴി

## പിശാചുക്കളെ പുറത്താക്കുന്ന ഈശോ

പിശാചുക്കളെ പുറത്താക്കാനുള്ള അധികാരത്തോടുകൂടിയാണ് ഈശോ തന്റെ ശിഷ്യന്മാരെ ദൈവരാജ്യത്തിന്റെ ആഗമനം പ്രഘോഷിക്കാൻ പറഞ്ഞയച്ചത്. പിശാചുക്കളുടെ സാന്നിദ്ധ്യം അന്നും ഇന്നും ലോകത്തിലുണ്ട്. വിശുദ്ധ ഗ്രന്ഥങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നു. ചിലർ ഇന്ന് പിശാചുക്കളുടെ അസ്തിത്വത്തെപ്പോലും നിഷേധിക്കുന്നു. അതുതന്നെ പിശാചിന്റെ ഒരു തട്ടിപ്പാണ്. പിശാചുക്കളെ പുറത്താക്കാനുള്ള അധികാരത്തോടുകൂടിയാണ് ഓരോ പുരോഹിതനും അഭിഷിക്തനാകുന്നത്. ചിലർക്ക് അതിനുള്ള പ്രത്യേക വരവും ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ളവർ ഈ ശുശ്രൂഷ വളരെ ആത്മാർത്ഥതയോടെ ദൈവരാജ്യ സ്ഥാപനത്തിന്റെ ഭാഗമായി നിർവ്വഹിക്കേണ്ടതാണ്. മാർക്കോ 1:23-28; 5:1-20; 7:24-80; 9:14-29 തുടങ്ങി നിരവധി സുവിശേഷ വചനങ്ങൾ ഈശോ പിശാചുക്കളെ പുറത്താക്കിയത് സാക്ഷ്യപ്പെടുത്തുന്നു. ഈശോമിശിഹായുടെ നാമത്തിൽ പൈശാചിക ശക്തികളിൽ നിന്ന് സംരക്ഷണം നമുക്കും നമ്മുടെ കുടുംബത്തിനും ലഭിക്കുവാൻ പ്രാർത്ഥിക്കാം; പുരോഹിതരുടെ പ്രാർത്ഥനാ സഹായം യാചിക്കുകയും ചെയ്യാം.


**ആത്മാവിൽ ജ്വലിക്കുവാൻ**

8. ആഴ്ചയിൽ ഒരിക്കൽ ഉപവസിച്ച് പ്രാർത്ഥിക്കുക.
9. പരിശുദ്ധാത്മാവ് നിറയാനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.
10. യേശുനാമം ഇടവിടാതെ ഉച്ചരിക്കുക.
11. ദശാംശം കൊടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# അമ്മയാം അഭയശില



**ഡീ. ആൻസൺ പന്നകത്തിൽ CST**

അമ്മതൻ സ്നേഹത്തിനാഴമറിഞ്ഞു ഞാൻ
ആ ദിവ്യരൂപത്തിൽ നിന്നിതാ
ഈശോ തൻ സ്നേഹത്തിനർത്ഥം ഗ്രഹിച്ചു ഞാൻ
അമ്മേ നിൻ മാദ്ധ്യസ്ഥ ശക്തിയാൽ
കാരുണ്യമൂറുന്ന അമ്മേ നിൻ മിഴികളാൽ
ഒന്നെന്നെ നോക്കീടണേ - 2 (അമ്മതൻ...)

സക്രാരിക്കുള്ളിലെ സ്നേഹത്തെ അന്നു നീ
ഉള്ളിൽ വഹിച്ചില്ലേ നാഥേ
കാൽവരിക്രൂശിലെ യാഗത്തെ അമ്മേ നീ
ദൈവഹിതംപോലെ മാനിച്ചില്ലേ
ഈശോയെ സ്നേഹിച്ചു ധ്യാനിച്ചു വളരുവാൻ
അമ്മേ നീ കനിഞ്ഞീടണേ
നാഥന്റെ സ്നേഹത്തിനാഴം നുകരുവാൻ
മാതാവേ കനിഞ്ഞീടണേ (അമ്മതൻ....)

ഈശോ തൻ കരങ്ങൾക്ക് കരുത്തായി മാറിയോരമ്മേ
കരം പിടിച്ചെൻകൂടെ ചരിച്ചീടണേ
കദനങ്ങളെല്ലാം ഞാൻ കുരിശോടു ചേർക്കും നേരം
മാധ്യസ്ഥ പ്രഭതൂകാൻ കനിവാകണേ
ഈശോതൻ സ്നേഹത്താൽ പുതുജന്മം നേടുവാൻ
നീയന്നെ ഒരുക്കേണമേ...
നിന്നോളം പോരുന്നാരീശോതൻ സമ്മാനം
മറ്റൊന്നെനിക്കിന്നില്ലെൻ അമ്മേ... (അമ്മതൻ....)

## ഞങ്ങൾ യാത്രയായ്





**ചുങ്കത്ത് പൗലോസ് ജോസ്** (73 വയസ്സ്)
30 - 07 - 2025
(സെന്റ് ആന്റണി കുടുംബകൂട്ടായ്മ)



**വലിയവീട്ടിൽ തോമ സണ്ണി** (54 വയസ്സ്)
12 - 08 - 2025
(സെന്റ് സേവ്യർ കുടുംബകൂട്ടായ്മ)

## സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

# ടച്ച് മീ പാരിഷ് ബുള്ളറ്റിന്

## അതിരൂപതയിൽ നിന്നും തുടർച്ചയായി

# 6-ാം വർഷവും സമ്മാനം



തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ
2024ലെ മികച്ച ലേഖനത്തിനുള്ള മൂന്നാം സമ്മാനം
ടച്ച്-മീ പാരിഷ് ബുള്ളറ്റിന്
ടച്ച്-മീയിൽ പി.എ. ലില്ലി എഴുതിയ
ലേഖനത്തിനാണ് സമ്മാനം ലഭിച്ചിരിക്കുന്നത്

ടച്ച്-മീയോട് കാണിക്കുന്ന
സ്നേഹത്തിനും കരുതലിനും
സഹകരണത്തിനും ഇടവക സമൂഹത്തിന്
ഹൃദയം നിറഞ്ഞ നന്ദി

ടച്ച് മീ
എഡിറ്റോറിയൽ ബോർഡ്



തൃശൂർ അതിരൂപത പാരീഷ് ബുള്ളറ്റിൻ മത്സരത്തിൽ
തുടർച്ചയായി ആറാം വർഷവും സമ്മാനം ലഭിച്ച ടച്ച്-മീ പാരീഷ് ബുള്ളറ്റിനുള്ള ട്രോഫി
തൃശൂർ അതിരൂപത സഹായമെത്രാൻ
അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്നും സ്വീകരിക്കുന്നു.

# പ്രാർത്ഥനാശംസകൾ



വി. മത്തായി ശ്ലീഹായുടെ നാമധേയത്തിൽ
സെപ്റ്റംബർ 21 ന്
നാമഹേതു തിരുനാൾ ആഘോഷിക്കുന്ന
നമ്മുടെ സ്നേഹബഹുമാനപ്പെട്ട

**ഡീക്കൻ ആൻസൺ പന്നകത്തിൽ CSTക്ക്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ





**വിശുദ്ധ
പത്താം പീയൂസ്
മാർപാപ്പേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ...**

പയസ് ജേബി & ഫാമിലി

ടച്ച് മീ
TOUCH ME
പാരിഷ് ബുള്ളറ്റിൻ

## നാൾവഴികളിലൂടെ...

- 2008 ഏപ്രിൽ 20ന് കൂടിയ ഇടവക പ്രതിനിധിയോഗത്തിലെ 5-ാം തീരുമാന പ്രകാരം പ്രതിനിധിയോഗത്തിന്റേയും കെ.സി.വൈ.എം. സംഘടനയുടേയും സംയുക്താഭിമുഖ്യത്തിൽ ഇടവക ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിക്കുന്നതിന് തീരുമാനിച്ചു.
- റവ. ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ ചീഫ് എഡിറ്ററും, ശ്രീ. പി.ജെ. ജോൺപോൾ എഡിറ്ററുമായി 2008 സെപ്തംബറിൽ കെ.സി.വൈ.എം. പ്രസിദ്ധീകരണമായി 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ എന്ന പേരിൽ ഇടവകയുടെ ആദ്യ ബുള്ളറ്റിൻ, പേപ്പർ രൂപത്തിൽ പ്രസിദ്ധീകരിച്ചു.
- 2010 മുതൽ 'ടച്ച്-മീ' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 2011 ഫെബ്രുവരി മുതൽ റവ. ഫാ. ഫ്ളർജിൻ തയ്യാലയ്ക്കൽ ചീഫ് എഡിറ്ററും, എൻ.ജെ. അഭിലാഷ് എഡിറ്ററുമായി പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ടച്ച്-മീ', 2011 ഏപ്രിൽ മുതൽ ഇന്ന് കാണുന്ന തരത്തിൽ മൾട്ടികളറിൽ അച്ചടിച്ചു തുടങ്ങി.
- 2012 മാർച്ച് മുതൽ റവ. ഫാ. സിറിയക് ചാലിശ്ശേരി രക്ഷാധികാരിയും ചീഫ് എഡിറ്ററായി ക്ലിന്റു വർഗ്ഗീസും, 2013 മാർച്ച് മുതൽ റവ. ഫാ. പോൾ ആലപ്പാട്ട് രക്ഷാധികാരിയും 2014 മെയ് മുതൽ 2015 മാർച്ച് വരെ ക്ലിന്റോ രാജ് ചീഫ് എഡിറ്ററുമായും 'ടച്ച്-മീ' പ്രസിദ്ധീകരിച്ചു.
- 2015 ഫെബ്രുവരി 15 ലെ ഇടവക പ്രതിനിധി യോഗത്തിൽ കെ.സി.വൈ.എം. സംഘടനയ്ക്ക് 'ടച്ച്-മീ' തുടർന്ന് പ്രസിദ്ധീകരിക്കുവാൻ കഴിയുകയില്ലെന്ന് അറിയിച്ചതിനാൽ, പ്രതിനിധിയോഗ തീരുമാനപ്രകാരം ഇടവക വികാരി റവ. ഫാ. പോൾ ആലപ്പാട്ട് ചീഫ് എഡിറ്ററും, ശ്രീ. ജോണി ബെപ്പോ എഡിറ്ററും, മറ്റ് ഭാരവാഹികളായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസി, ജോൺസൺ പാവു, എം.എൽ. സുനിൽ, വി.സി. ജോസി എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 മാർച്ച് 1 ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച്-മീ' യുടെ സെക്രട്ടറിയായി വി.സി. ജോസിയേയും, ട്രഷററായി എം.എൽ. സുനിലിനേയും, സബ് എഡിറ്റർമാരായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസ്സി, ജോൺസൺ പാവു എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 ഏപ്രിൽ മുതൽ 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ ഓൺലൈൻ വെബ്സൈറ്റായി www.touchmekkm.in എന്ന വിലാസത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 10-ാം വാർഷികത്തിലേക്ക് പ്രവേശിച്ച 2017 സെപ്തംബറിൽ 'ടച്ച്-മീ' സ്പെഷ്യൽ പതിപ്പ് ഇടവക ഡയറക്ടറിയായി പുറത്തിറക്കി.
- 2017ൽ ഇടവക ദൈവാലയം നവീകരിച്ചപ്പോൾ, ഒരുലക്ഷത്തിലധികം രൂപ ചിലവിട്ട് അൾത്താരയിലേക്ക്, വിശുദ്ധ ബലിപീഠം'ടച്ച്-മീ' എഡിറ്റോറിയൽ ബോർഡ് സമർപ്പിച്ചു.

- 2018-ൽ പുതിയ വൈദിക മന്ദിരം പണിയുന്നതിലേക്ക്, 50,000/- രൂപ 'ടച്ച് - മീ' എഡിറ്റോറിയൽ ബോർഡ് സംഭാവന ചെയ്തു.
- 2018 മെയ് 14ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച്-മീ'യുടെ സബ് എഡിറ്റർ സിസ്റ്റർ ആൻജോ സി.എം.സി. വിരമിച്ചതിനാൽ സിസ്റ്റർ ഗീതി മരിയ സി.എം.സി.യെ പുതിയ സബ് എഡിറ്ററായി തെരഞ്ഞെടുത്തു.
- 2018 ൽ അതിരൂപത തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിന് കവർ പേജിന് രണ്ടാം സമ്മാനവും, ലേഖനത്തിന് മൂന്നാം സമ്മാനവും ലഭിച്ചു.
- 2019 ൽ അതിരൂപതാ തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ ലേ ഔട്ട് വിഭാഗത്തിൽ (പുസ്തക രൂപകല്പനയിൽ) ഒന്നാം സ്ഥാനം 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2020-2021 ലോക്ഡൗൺ കാലത്ത് നാടാകെ സ്തംഭിച്ച് എല്ലാ സ്ഥാപനങ്ങളും അടഞ്ഞ് കിടന്നപ്പോഴും തൃശൂർ അതിരൂപതയിൽ 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ മാത്രം യാതൊരു മുടക്കവും കൂടാതെ പുസ്തകരൂപത്തിൽതന്നെ പുറത്തിറക്കി ഇടവക ജനങ്ങളുടെ കൈകളിൽ എത്തിച്ചു.
- 15-ാം വർഷത്തിലേക്ക് പ്രവേശിച്ച് 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ 2022 സെപ്തംബറിൽ Crystal Jubilee സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2021 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3-ാം സ്ഥാനവും, ഏറ്റവും മികച്ച കവർ പേജ് ഡിസൈന് ഒന്നാം സ്ഥാനവും, ഏറ്റവും മികച്ച ഇടയസ്വരം പംക്തിക്ക് രണ്ടാം സ്ഥാനവും, ഏറ്റവും മികച്ച (ലേഔട്ട്) പുസ്തക രൂപകല്പനക്ക് മൂന്നാം സ്ഥാനവും 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2023 ജൂൺ 13ന് കൂടിയ 'ടച്ച്-മീ' എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് സബ് എഡിറ്റർ സിസ്റ്റർ ഗീതി മരിയ സിഎംസി വിരമിച്ചതിനാൽ പുതിയ സബ് എഡിറ്ററായി സിസ്റ്റർ അൻസ ജോസ് സിഎംസിയെ തെരഞ്ഞെടുത്തു.
- 2015ൽ ചുമതലയേറ്റ നിലവിലുള്ള 'ടച്ച്-മീ' എഡിറ്റോറിയൽ ബോർഡ് 100 മാസം പൂർത്തിയാക്കിയ 2023 ജൂലൈ മാസത്തിൽ Century Edition ആയി സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2022 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3-ാം സ്ഥാനം ലഭിച്ചു. രണ്ടാം തവണയാണ് 'ടച്ച്-മീ'ക്ക് 3-ാം സ്ഥാനം ലഭിക്കുന്നത്. തുടർച്ചയായി 4-ാം വർഷമാണ് 'ടച്ച്-മീ'ക്ക് അതിരൂപതയിൽനിന്നും സമ്മാനങ്ങൾ ലഭിക്കുന്നത്.
- 2024 ജൂൺ മാസത്തിൽ ദൈവാലയത്തിലേക്ക് 1,50,000 രൂപയോളം ചിലവിട്ട് 16 ചാരുബെഞ്ചുകൾ 'ടച്ച്-മീ' എഡിറ്റോറിയൽ ബോർഡ് സമർപ്പിച്ചു.
- 2023 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3-ാം സ്ഥാനം തുടർച്ചയായി 3-ാം തവണയും ലഭിച്ചു. കൂടാതെ മികച്ച കവർപേജിന് 3-ാം സ്ഥാനവും, മികച്ച ലേ-ഔട്ടിനുള്ള 3-ാം

സ്ഥാനവും, മികച്ച ഇടയസ്വരത്തിന് റവ. ഫാ. ദാവീദ് വിതയത്തിൽ അച്ചന് സമ്മാനവും ലഭിച്ചു. തുടർച്ചയായി 5-ാം വർഷമാണ് ടച്ച്-മീ പാരിഷ് ബുള്ളറ്റിന് അതിരൂപതയിൽ നിന്ന് സമ്മാനങ്ങൾ ലഭിക്കുന്നത്.

- 2024 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ മികച്ച ലേഖനത്തിനുള്ള 3-ാം സ്ഥാനം പി.എ. ലില്ലി എഴുതിയ ലേഖനത്തിന് ലഭിച്ചു. തുടർച്ചയായി 6-ാം വർഷമാണ് ടച്ച്-മീ പാരിഷ് ബുള്ളറ്റിന് അതിരൂപതയിൽനിന്ന് സമ്മാനങ്ങൾ ലഭിക്കുന്നത്.
- 2016 മാർച്ച് മുതൽ റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ടും, 2019 മാർച്ച് മുതൽ റവ. ഫാ. ക്രിസ്റ്റോൺ പെരുമാട്ടിലും 'ടച്ച്-മീ'യെ നയിച്ചപ്പോൾ, 2021 മാർച്ച് മുതൽ റവ. ഫാ. ദാവീദ് വിതയത്തിലും, ഒരു ചെറിയ ഇടവേളയിൽ റവ. ഫാ. ജോബി പുത്തൂരും.

  2024 മാർച്ച് മുതൽ റവ. ഫാ. ഡെയ്സൺ മുണ്ടോപുറം 'ടച്ച്-മീ' യെ നയിച്ചു കൊണ്ടിരിക്കുന്നു.

**18-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന**
**'ടച്ച്-മീ' പാരിഷ് ബുള്ളറ്റിനോട് ഇതുവരെ കാണിച്ച സ്നേഹവും, സഹായവും,**
**സഹകരണവും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും,**
**നല്ലവരായ ഇടവക ജനങ്ങളുടേയും, സ്ഥാപനങ്ങളുടേയും,**
**സുഹൃത്തുക്കളുടേയും ഭാഗത്തുനിന്നും**
**തുടർന്നും ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.**

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്

# ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ സീനിയർ വൈദികൻ

**റവ. ഫാ. ജോയ് മൂക്കൻ അച്ചന്**

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റെ**

## ആദരാഞ്ജലികൾ...

# സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷികം



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷിക ആഘോഷം 2025 ആഗസ്റ്റ് 10 ഞായറാഴ്ച വൈകീട്ട് 6 മണിക്ക് പള്ളി പാരിഷ്ഹാളിൽ വെച്ച് ഇട വക വികാരി റവ. ഫാ. ഡെയ്സൺ മുണ്ടോപുറം അച്ചന്റെ അദ്ധ്യ ക്ഷതയിൽ കൂടി.

യോഗം ഹോളി ചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി ഉദ്ഘാടനം ചെയ്തു. കുടുംബകൂട്ടായ്മ പ്രസി ഡണ്ട് പോയ്സ് ജേബി സ്വാഗതം പറഞ്ഞു. ഡീക്കൻ ആൻസൻ പന്നകത്തിൽ CST അനുഗ്രഹ പ്രഭാഷണം നടത്തി. സെക്രട്ടറി ലാലി വിനയൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കുടുംബകൂട്ടായ്മ ആനിമേറ്റർ സിസ്റ്റർ അൻസ ജോസ്, നടത്തുകൈക്കാരൻ സി.എൻ. ഇമ്മാനുവേൽ, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, ഇട വക പി.ആർ.ഒ. വി.സി. ജോസി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, സെന്റ് ജോസഫ് കുടുംബകൂ ട്ടായ്മ പ്രസിഡണ്ട് പേൾജു ബി. ചുങ്കത്ത്, മേരിമാതാ കുടുംബകൂ ട്ടായ്മ പ്രസിഡണ്ട് രാജു ബി. ചുങ്കത്ത്, സെന്റ് ആന്റണീസ് കുടും ബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് കെ.ജെ. ജെയ്സൺ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. മാണി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഇടവകയിൽ ആരംഭിച്ച പുവർ ഫണ്ടിലേക്ക് കുടുംബകൂട്ടായ്മയുടെ സംഭാവന വികാരിയച്ചന് കൈമാറി.

കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികൾ ഉണ്ടായിരുന്നു. വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷി ക്കുന്ന കെ.ജി. ബാബു-മേരി ബാബു ദമ്പതികളേയും, വിവിധ രംഗ ങ്ങളിൽ മികവ് തെളിയിച്ചവരേയും ആദരിച്ചു. സമ്മാനദാനത്തിന് ശേഷം വൈ.പ്രസിഡണ്ട് എൻ.ജെ. ജെയ്മോൻ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടുകൂടി പരിപാടി അവസാനിച്ചു.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ചെറിയ തിരുനാൾ

**പരി. മാതാവിന്റെ ജനനതിരുനാൾ സെപ്തംബർ 8ന്**
**ചിറളയം സെന്റ് മേരീസ് കപ്പേളയിൽ**



2025 സെപ്തംബർ 1 തിങ്കൾ – തിരുനാൾ കൊടികയറ്റം
രാവിലെ 6.00ന് : ഇടവക ദൈവാലയത്തിൽ
വൈകീട്ട് 6.30ന് : കപ്പേളയിൽ തിരുനാൾ കൊടികയറ്റം

2025 സെപ്തംബർ 1 മുതൽ 7 വരെ രാവിലെ 6.30ന്
ഇടവക ദേവാലയത്തിൽ തിരുനാളിന് ഒരുക്കമായി
വി. കുർബാന | നേർച്ച വിതരണം

2025 സെപ്തംബർ 1 മുതൽ 7 വരെ വൈകീട്ട് 6.30ന്
സെന്റ് മേരീസ് കപ്പേളയിൽ
ആരാധന | ലദ്ദീഞ്ഞ് | നൊവേന | നേർച്ച വിതരണം

## സെപ്തംബർ 8 തിങ്കൾ - തിരുനാൾ ദിനം

രാവിലെ 6 മണിക്ക് : മാതാവിന്റെ ലദ്ദീഞ്ഞ്, നൊവേന

രാവിലെ 6.30ന് ഇടവക ദൈവാലയത്തിൽ
ആഘോഷമായ തിരുനാൾ കുർബാനയും, സന്ദേശവും, നേർച്ചവിതരണവും
രാവിലെ 7.30ന് സെന്റ് മേരീസ് കപ്പേളയിലേക്ക്
ബൈക്ക് റാലിയുടെ അകമ്പടിയോടെ ഛായാചിത്ര എഴുന്നെള്ളിപ്പ്

വൈകീട്ട് 6.30ന് സെന്റ് മേരീസ് കപ്പേളയിൽ
ആരാധനയോടെ തിരുനാൾ വേസ്പര | കുഞ്ഞുമേരിമാരുടെ പ്രസുദേന്തി വാഴ്ച
ആഘോഷമായ ഛായാചിത്ര പ്രയാണം | വർണ്ണമഴ | നേർച്ചഊട്ട് കിറ്റ് വിതരണം

34th Anniversary
15-09-2025

# M.L. Mani
# Sheela Mani

Madathiparambil House
Santhi Nagar, Kunnamkulam

Best Wishes :
MANEESH MANI
VARNA MANEESH
MANJISH MANI
ANU MANJISH
ELYZAH HAZEL M.

54th ANNIVERSARY
01-09-2025

# Dr. Cherian Joseph &
# Marykutty Cherian

Puthangadi House
Guruvayur Road
Kunnamkulam

Sharing Happiness : Joepaul, Kalpana,
Thanima & Logan, Francis & Pooja



# ഇടവക വാർത്തകൾ

## സെപ്തംബർ 1 തിങ്കൾ : ഇടവക ചെറിയ തിരുനാൾ കൊടിയേറ്റം

6.30 am : വി. കുർബാന, തിരുനാൾ കോടിയേറ്റം, നേർച്ച വിതരണം
06.30 pm : കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം.

(NB : സെപ്തംബർ 1 മുതൽ 7 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ 6.30ന് ദൈവാലയത്തിൽ വി. കുർബാനയും, വൈകീട്ട് 6.30ന് കപ്പേളയിൽ ലദ്ദീഞ്ഞും നൊവേനയും തിരുനാൾ ഒരുക്ക ശുശ്രൂഷയുടെ ഭാഗമായി ഉണ്ടായിരിക്കും.

## സെപ്തംബർ 2 ചൊവ്വ : ഓണകിറ്റ് വിതരണം

7.30 am : 25 പാവപ്പെട്ട കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)

## സെപ്തംബർ 4 വ്യാഴം : ഓണകാരുണ്യ വിരുന്ന് 2025

5.30 am : ഓണകാരുണ്യവിരുന്ന് 2025
(നേതൃത്വം : യൂത്ത് സി.എൽ.സി.)

## സെപ്തംബർ 6 ശനി : ഓണം ഫെസ്റ്റ് 2025

2.00 pm : ഓണം ഫെസ്റ്റ് മത്സരങ്ങൾ 2025
7.30 pm : ഓണം ഫെസ്റ്റ് മത്സരങ്ങൾ 2025

## സെപ്തംബർ 7 ഞായർ : പരി. അമ്മയ്ക്ക് ബർത്ത്ഡേ കേക്ക് സമർപ്പണം
### യൂത്ത് സൺഡേ & ഓണം ഫെസ്റ്റ് & 70 വയസ്സിന് മുകളിലുള്ള അപ്പച്ചൻമാർക്ക് ആദരം & ഓണാഘോഷം

6.00 am : വി. കുർബാന, പരി. അമ്മയ്ക്ക് ബർത്ത്ഡേ കേക്ക് സമർപ്പണം
(നേതൃത്വം : തിരുബാലസഖ്യം)
9.00 am : വി. കുർബാന, 70 വയസ്സിന് മുകളിലുള്ള അപ്പച്ചന്മാർക്ക് ആദരം
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)
10.30 am : ഓണാഘോഷം
(നേതൃത്വം : യൂത്ത് സി.എൽ.സി.)
10.45 am : ഓണം ഫെസ്റ്റ് മത്സരങ്ങൾ
5.00 pm : യൂത്ത് സണ്ടേ (നേതൃത്വം : യുവജന കൂട്ടായ്മ)
7.30 pm : ഓണം ഫെസ്റ്റ് മത്സരങ്ങൾ 2025

## സെപ്തംബർ 8 തിങ്കൾ : ഇടവക ചെറിയ തിരുനാൾ 2025
### മാതൃവേദി പതാകവന്ദനം, 70 വയസ്സിന് മുകളിലുള്ള അമ്മമാർക്ക് ആദരം, അമ്മയ്ക്കൊരുമ്മ 2025 സമർപ്പണം

6.00 am : ആരാധന, ലദ്ദീഞ്ഞ്, നൊവേന
6.30 am : തിരുനാൾ കുർബാന, സന്ദേശം
7.30 am : കപ്പേളയിലേക്ക് ഛായാചിത്രം എഴുന്നെള്ളിപ്പ്
5.30 pm : മാതൃവേദി പതാകവന്ദനം, വി. കുർബാന, 70 വയസ്സിന് മുകളിലുള്ള അമ്മമാർക്ക് ആദരം, ബർത്ത്ഡേ കേക്ക് മുറിക്കൽ & അമ്മയ്ക്കൊരുമ്മ 2025 സമർപ്പണം.
6.30 pm : കപ്പേളയിൽ തിരുനാൾ വേസ്പര, പ്രസുദേന്തി വാഴ്ച, ഛായാചിത്ര പ്രയാണം, വർണ്ണമഴ, & നേർച്ചഊട്ട് കിറ്റ് വിതരണം.

(NB : സെപ്തംബർ 8 മുതൽ 14 വരെ വ്യാകുല മാതാവിന്റെ തിരുനാളിന് ഒരുക്കമായി അമ്മമാരുടെ നിയോഗാർത്ഥം പതിവ് കുർബാന കൂടാതെ വൈകീട്ട് 5.30ന് വ്യാകുല ജപമാല സർപ്പണവും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കും.

## സെപ്തംബർ 9 ചൊവ്വ : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന

## സെപ്തംബർ 12 വെള്ളി : നാലാം വെള്ളിയാചരണം

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം

## സെപ്തംബർ 13 ശനി : മാതൃവേദി ദിനം

6.30 pm : മാതൃവേദി വാർഷിക പൊതുയോഗം, അമ്മയ്ക്കൊരുമ്മ 2025, സമ്മാന വിതരണം, ആദരണീയം, കലാവിരുന്ന് & സ്നേവിരുന്ന് (നേതൃത്വം : മാതൃവേദി)

## സെപ്തംബർ 14 ഞായർ : വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, കത്തോലിക്കാ കോൺഗ്രസ്സ് ദിനം

6.00 pm : വി. കുരിശിന്റെ പുകഴ്ചയുടെ പ്രാർത്ഥന & പുഷ്പാർച്ചന
6.15 pm : തിരുനാൾ കുർബാന, സന്ദേശം, ആദരം, തിരുനാൾ കാരുണ്യ സമർപ്പണം, നേർച്ച വിതരണം & പതാക വന്ദനം (നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)
6.30 pm : കത്തോലിക്കാ കോൺഗ്രസ്സ് സംഘടന വാർഷിക പൊതുയോഗം, ക്രൂശിത തിരുമുഖ സമർപ്പണം 2025, സമ്മാന വിതരണം, ആദരണീയം, കലാവിരുന്ന് & സ്നേഹവിരുന്ന്. (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

## സെപ്തംബർ 15 തിങ്കൾ : പരി. വ്യാകുല മാതാവിന്റെ തിരുനാൾ

6.15 am : ലദ്ദീഞ്ഞ്, പുഷ്പാർച്ചന & നൊവേന (നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)
6.30 am : തിരുനാൾ കുർബാന, സന്ദേശം, ആദരണീയം, തിരുനാൾ കാരുണ്യ സമർപ്പണം & നേർച്ച വിതരണം (നേതൃത്വം : മാതൃവേദി)

**സെപ്തംബർ 19 വെള്ളി : അഞ്ചാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച വിതരണം

**സെപ്തംബർ 21 ഞായർ : സംഘടനകളുടെ സംയുക്ത വാർഷിക ദിനം 2025 & യുവജനവേദി**

9.00 am : കൃതജ്ഞതബലി, സംഘടന ഏകോപനസമിതി അംഗങ്ങളുടെ കാഴ്ച സമർപ്പണം (നേതൃത്വം : ഏകോപന സമിതി)
6.00 pm : സംഘടനകളുടെ സംയുക്ത വാർഷികം പൊതുയോഗം, യുവജന പ്രതിഭ അവാർഡ് വിതരണം, ആദണീയം ഓണം ഫെസ്റ്റ് സമ്മാനവിതരണം, കലാവിരുന്ന് & സ്നേഹവിരുന്ന് (നേതൃത്വം : ഏകോപന സമിതി)

**സെപ്തംബർ 26 വെള്ളി : ആറാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച വിതരണം

**സെപ്തംബർ 27 ശനി : ഉണർവ്വ് 2025**

5.30 pm : യൂത്ത് സി.എൽ.സി. അംഗങ്ങൾക്ക് ഉണർവ്വ് ക്യാമ്പ് 2025 (നേതൃത്വം : യൂത്ത് സി.എൽ.സി.)

**സെപ്തംബർ 28 ഞായർ : എയ്ഞ്ചൽസ് ഡേ**

10.30 am : ഏയ്ഞ്ചൽസ് ഡേ, തിരുമണിക്കൂർ ആരാധന & കുമ്പസാരം

**സെപ്തംബർ 29 & 30 തിങ്കൾ, ചൊവ്വ : യൂത്ത് ഹോളിഡേയ്സ് 2025**

6 pm to 8 pm : കുടുംബകൂട്ടായ്മ അടിസ്ഥാനത്തിൽ യൂത്ത് ഹോളിഡേയ്സ് (നേതൃത്വം : യുവജന കൂട്ടായ്മ

**ആഗസ്റ്റ് മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| സെപ്തംബർ 07 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| സെപ്തംബർ 14 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| സെപ്തംബർ 21 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| സെപ്തംബർ 28 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |



# കരിമ്പ്

**Jhav Cap**

കരിമ്പ് ചെടിയുടെ കൂമ്പിൽ ചീഞ്ഞുനാറുന്നവ കെട്ടിവെച്ചാൽ... അത് ദുർഗന്ധം വമിക്കും...!

അടുത്തും... ചുറ്റുപാടും... ഒഴുകി പരക്കുന്ന ദുർഗന്ധം...!

പകരം ചുവട്ടിൽ തടമെടുത്ത് ഈ അഴുക്കെല്ലാം അതിലിട്ടു മൂടിയാൽ... ദുർഗന്ധം ശമിക്കും... ചെടിക്ക് നല്ല വളവും ആയി... കരിമ്പ് തഴച്ചു വളരും!

കരിമ്പ് നീര് ശുദ്ധീകരിച്ച് പഞ്ചസാര... കൽക്കണ്ടം... മരുന്ന്...!

അതുപോലെ, തിക്താനുഭവങ്ങൾ തലയിൽ ചുമന്ന് നടന്നാൽ ദുർഗന്ധം!

അവ കുഴിച്ചു മൂടിയാൽ ഒന്നാന്തരം വളം... ആത്മാവിനും... മനസ്സിനും... ശരീരത്തിനും...! നമുക്കും... മറ്റുള്ളവർക്കും...!

എങ്കിൽ പിന്നെ, നിന്റെ ജീവിതം... മധുരമുള്ളതാക്കരുതോ... മരുന്നാക്കരുതോ!

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്**

## അഭിനന്ദനങ്ങൾ

*ജന. കൺവീനർ*



**ജോപോൾ വി. ആലപ്പാട്ട്**

*ജോ. ജന. കൺവീനർ*



**ഷോബി റൊണാൾഡ്**

2026 ഇടവക തിരുനാൾ ജന. കൺവീനർമാരായി തെരഞ്ഞെടുത്ത

**ആലപ്പാട്ട് വിജിലിയൂസ് ജോപോളിനും
പുലിക്കോട്ടിൽ ഷോബി റൊണാൾഡിനും
ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ**



**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്**

**(2022 - 2025)**

**പ്രതിനിധിയോഗം അംഗങ്ങൾ**

# സ്മരണാഞ്ജലി



**ചാഴൂർ പൗലോസ്**
## മത്തായി

| ജനനം | മരണം |
|---|---|
| 07-12-1939 | 07-08-2018 |

**ചാഴൂർ മത്തായി ഭാര്യ**
## മേരി

| ജനനം | മരണം |
|---|---|
| 29-02-1940 | 23-09-2018 |

**ചിറളയം - കുന്നംകുളം**

സ്നേഹസ്മരണകളോടെ : ദു:ഖാർത്ഥരായ കുടുംബാംഗങ്ങൾ






## 3-ാം ചരമവാർഷികം
**05-09-2025**

**ചീരൻ ദേവസ്സി ഭാര്യ**
## ത്രേസ്യ

| ജനനം | മരണം |
|---|---|
| 05 – 01 – 1936 | 05 – 09 – 2022 |

ശാന്തി നഗർ
പി.ഒ. കാണിപ്പയ്യൂർ
കുന്നംകുളം

സന്തപ്ത കുടുംബാംഗങ്ങൾ






**പി.എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? സ്കൂൾ തുറക്കുന്നതിന്റെ വിഷമത്തിലായിരിക്കും കുറേപേർ.

ഓണം നന്നായി ആഘോഷിച്ചില്ലേ? ഓണപ്പരിപാടികളിൽ എല്ലാവരും പങ്കെടുത്തു എന്ന് കരുതുന്നു.

ലോഗോസ് ക്വിസ് ഈ മാസത്തിൽ ഉണ്ട് എന്ന കാര്യം മറക്കരുത്. എല്ലാവരും നന്നായി പഠിച്ച് എഴുതണം. പേര് തന്ന ആരും എഴുതാതിരിക്കരുത്.

കലാപരിപാടികളിൽ വളരെ ആവേശത്തോടെ, വാശിയോടെ പങ്കെടുത്തുവല്ലോ? എല്ലാം ഒന്നിനൊന്നു മികച്ചവ ആയിരുന്നു. സമ്മാനം നേടിയവർക്ക് അഭിനന്ദനങ്ങൾ. സമ്മാനം നേടാത്തവർ മോശക്കാരാണ് എന്ന് അർത്ഥമില്ല. മറ്റുള്ളവർ കൂടുതൽ നന്നായി എന്ന് മാത്രമേ ഉള്ളൂ.

വീണ്ടും മെച്ചപ്പെടാനുള്ള അവസരം ആണിത്; സമ്മാനം കിട്ടിയവർക്കും കിട്ടാത്തവർക്കും ഓരോ തവണയും കൂടുതൽ മെച്ചപ്പെടാൻ ശ്രമിക്കണം.

ഏവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആശംസകൾ...

സ്നേഹത്തോടെ
ലില്ലി ടീച്ചർ



## ഞാൻ വരവായ്

- തട്ടിൽ ഡിറ്റോ + സ്റ്റെഫി
  മകൾ **മരിയ (എസ്ര മരിയ ഡിറ്റോ)**



# സഭാ വാർത്തകൾ

**പിതാവ് കരുണയും സ്നേഹവും നിറഞ്ഞ ദൈവമാണെങ്കിൽ, രക്ഷയിലേക്കുള്ള പാത ഇടുങ്ങിയതാണെന്ന് ഈശോ പറയുന്നതെന്തുകൊണ്ട്? ഇതാണ് ലിയോ പാപ്പയുടെ ഉത്തരം**

വത്തിക്കാൻ സിറ്റി: മതവിശ്വാസം പിന്തുടരുന്നതുകൊണ്ട് രക്ഷ നേടാം എന്ന അമിത ആത്മവിശ്വാസം ഉള്ളവർക്കുള്ള മുന്നറിയിപ്പാണ് ഇടുങ്ങിയ വാതിലിൽ കൂടെ പ്രവേശിക്കുവാനുള്ള ഈശോയുടെ ആഹ്വാനം എന്ന് ലിയോ 14-ാമൻ പാപ്പ. മതപരമായ പ്രവൃത്തികൾ കൊണ്ട് മാത്രം ഒരു വ്യക്തിയുടെ ഹൃദയം രൂപാന്തരപ്പെടുന്നില്ല. ജീവിതത്തിൽ നിന്ന് വേർപെട്ട് നിൽക്കുന്ന ആരാധനാ ജീവിതം നയിക്കുന്ന ആളുകളെ ദൈവം അന്വേഷിക്കുന്നില്ല. സഹോദരങ്ങളെ സ്നേഹിക്കുന്നതിലേക്കും നീതി പാലിക്കുന്നതിലേക്കും നമ്മെ നയിക്കുന്നില്ലെങ്കിൽ നാം ത്യാഗങ്ങൾ ചെയ്യുവാനോ പ്രാർത്ഥനകൾ നടത്തുവാനോ ദൈവം ആഗ്രഹിക്കുന്നില്ലെന്നും ത്രികാലജപ പ്രാർത്ഥനയ്ക്ക് മുന്നോടിയായി നൽകിയ വചനവിചിന്തനത്തിൽ പാപ്പ വ്യക്തമാക്കി.

**പരിശുദ്ധ മറിയത്തെ എല്ലാ ഗൾഫ് രാജ്യങ്ങളുടെയും പ്രത്യേക മധ്യസ്ഥയായി അംഗീകരിച്ച് വത്തിക്കാൻ**

വത്തിക്കാൻ സിറ്റി: ഔർ ലേഡി ഓഫ് അറേബ്യ എന്ന പേരിൽ എല്ലാ ഗൾഫ് രാജ്യങ്ങളുടെയും പ്രത്യേക മധ്യസ്ഥയായി പരിശുദ്ധ മറിയത്തെ വത്തിക്കാൻ അംഗീകരിച്ചു. കൂടാതെ യുഎഇ, ഒമാൻ, യെമൻ എന്നീ രാജ്യങ്ങളുടെ ചുമതല വഹിക്കുന്ന അപ്പസ്തോലിക്ക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യയുടെ പ്രത്യേക മധ്യസ്ഥരായി ശ്ലീഹൻമാരായ പത്രോസിനെയും പൗലോസിനെയും അംഗീകരിച്ചിട്ടുണ്ട്. ആരാധനയും കൂദാശകളുമായി ബന്ധപ്പെട്ട ഡിക്കാസ്റ്ററി, അപ്പസ്തോലിക്ക് വികാരിയേറ്റ് ഓഫ് സതേൺ അറേബ്യക്ക് വേണ്ടിയുള്ള പുതിയ ആരാധനക്രമ കലണ്ടറിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. ഇറ്റാലിയൻ സ്വദേശിയായ ബിഷപ്പ് പൗലോ മാർട്ടിനെല്ലിയാണ് അബുദാബി ആസ്ഥാനമായുള്ള വികാരിയേറ്റിന്റെ ചുമതല വഹിക്കുന്നത്. വികാരിയേറ്റിന്റെ പുതിയ കലണ്ടറിൽ നിരവധി പ്രാദേശിക വിശുദ്ധരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.



# മധുരക്കനി

സിസ്റ്റർ ഡെൽന റോസ്

കാലം മാറിയാലും, മനുഷ്യന്റെ ചിന്ത മാറിയാലും, മാറാത്ത ഒരേയൊരു സത്യം നിലകൊള്ളുന്നുനമ്മുടെ പരിശുദ്ധ അമ്മയുടെ സ്നേഹം. ആ സ്നേഹം കടലിന്റെ ആഴത്തേക്കാളും നീളത്തേക്കാളും അധികമാണ്.

അമ്മ തന്റെ എളിയ ജീവിതംകൊണ്ട് ലോകത്തിന് രക്ഷകനായ യേശുവിനെസമ്മാനിച്ചു. അതിലൂടെ അവൾ രക്ഷാകര ദൗത്യം നിറവേറ്റി. വിശുദ്ധ ബർണാദ് പറഞ്ഞതു പോലെ, ഹവ്വാ അനുസരണ രാഹിത്യത്തിലൂടെ പാപം കൊണ്ടുവന്നപ്പോൾ, മറിയം പൂർണ്ണ അനുസരണത്തിലൂടെ മനുഷ്യകുലത്തിന് രക്ഷയുടെ വാതിൽ തുറന്നു. ഹവ്വാ മുറിവുകൾ സൃഷ്ടിച്ചു, മറിയം അവയ്ക്കു ഔഷധം നൽകി.

ജീവിതത്തിലെ കഠിനപരീക്ഷണങ്ങളിലും അമ്മ ഒരിക്കലും തളർന്നില്ല. മകൻ ക്രൂശിൽ പീഡിപ്പിക്കപ്പെടുന്നത് കണ്ടപ്പോൾ പോലും, അവളുടെ ഹൃദയം വേദനിച്ചെങ്കിലും, പരാതിയില്ലാതെ എല്ലാം ദൈവത്തിന് സമർപ്പിച്ചു. അവളുടെ കണ്ണുനീർ സഹനത്തിന്റെ മധുരമായി മാറി. അതുകൊണ്ടാണ് അവൾ നമ്മുടെയെല്ലാം മുന്നിൽ 'മധുരക്കനി'യായി മാറിയത്.

ഇന്ന് നമ്മുടെ ജീവിതത്തിലും പരിശുദ്ധ അമ്മ വലിയ മാതൃകയാണ്. വിഷമങ്ങളും തകർച്ചകളും നമ്മെ അലട്ടുമ്പോൾ, നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത ആശ്രയം അമ്മയാണ്. അവൾ കരയുന്നവരുടെ കണ്ണുനീർ തുടയ്ക്കുന്നവളാണ്. യേശു അമ്മയുടെ വിരൽതുമ്പിൽ പിടിച്ചു നടന്നതുപോലെ, നാം അമ്മയുടെ വിരൽതുമ്പിൽ പിടിച്ചുനടന്നാൽ വഴിതെറ്റാതെ മുന്നോട്ട് പോകാൻ കഴിയും.

ഇപ്പോൾ ചോദിക്കേണ്ട ചോദ്യംഞാൻ ഏതു ഫലമാണ്? ഒരു നല്ല വൃക്ഷം നല്ല ഫലം തരുന്നതുപോലെ, നമ്മുടെ ജീവിതവും മറ്റുള്ളവർക്കു മധുരവും ആശ്വാസവും നൽകേണ്ടതാണ്. പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നത്, നമ്മളിൽ ഓരോരുത്തരും മധുരിക്കുന്ന ഫലം ആയി മാറുകയാണ്.

അതിനായി, മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന്, സ്നേഹവും ആശ്വാസവും നൽകണം. അങ്ങനെനമ്മുടെ ജീവിതം മധുരപ്പെടുകയും, ലോകത്തിന് പ്രത്യാശയുടെ ഫലമായി മാറുകയും ചെയ്യും.

അവസാനമായി, നാം പരിശുദ്ധ അമ്മയെപ്പോലെ ദൈവത്തിനു പൂർണ്ണമായി അനുസരിച്ചും, സഹനങ്ങളെ പരാതിയില്ലാതെ ഏറ്റുവാങ്ങിയും ജീവിക്കട്ടെ. അങ്ങനെനമുക്കും ലോകത്തിനു മുന്നിൽ ഒരു മധുരക്കനിയാകാൻ കഴിയട്ടെ. ആമേൻ.

## പോതുയോഗ വാർത്തകൾ

* പൊതുയോഗത്തിൽ നടത്തു കൈക്കാരൻ സി.എൻ. ഇമ്മാനുവേൽ സ്വാഗതം പറഞ്ഞു.
* 2024 ലെ ഇടവക പൊതുയോഗ റിപ്പോർട്ട് പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ അവതരിപ്പിച്ചു പാസ്സാക്കി.
* 2024-25 വർഷത്തെ വാർഷിക തെരട്ടും, സി.എ. ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും അക്കൗണ്ടന്റ് എം.എൽ. സുനിൽ അവതരിപ്പിച്ചു പാസ്സാക്കി.
* കുടുബകൂട്ടായ്മകളുടെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് റിപ്പോർട്ട്, ഇന്റേണൽ ഓഡിറ്റർ പി.ജെ. ടോണി അവതരിപ്പിച്ചു പാസ്സാക്കി.
* ഭക്തസംഘടനകളുടെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് റിപ്പോർട്ട്, ഇന്റേണൽ ഓഡിറ്റർ ജോപോൾ വി. ആലപ്പാട്ട് അവതരിപ്പിച്ചു പാസ്സാക്കി.
* 2026 ജനുവരിയിലെ ഇടവക തിരുനാൾ ജനറൽ കൺവീനറായി ആലപ്പാട്ട് വിജിലിയൂസ് ജോപോളിനേയും, ജോ. ജന. കൺവീനറായി പുലിക്കോട്ടിൽ ഷോബി റോണാൾഡിനേയും തെരഞ്ഞെടുത്തു.
* 2025-26 വർഷത്തേക്കുള്ള കൈക്കാരന്മാരുടെ പാനലിലേക്ക് താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.
  1) കൂത്തൂർ ലൂവീസ് ലോയ്ഡ്
  2) ഇടപ്പിള്ളി ചാക്കോ രാജു
  3) പാണ്ടിമറ്റത്തേൽ റാഫേൽ സജി
  4) ഒലക്കേങ്കിൽ ജോസഫ് ജോഫി
  5) ആലപ്പാട്ട് ആന്റണി വർഗ്ഗീസ്
  6) പുന്നത്തുകുളം ജോവാക്കിം ജോൺ പോൾ

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ സി.എൻ. ഇമ്മാനുവേൽ സ്വാഗതം പറഞ്ഞു.
2. ജൂലൈ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഇടവക വാർഷിക തെരട്ടിനെ കുറച്ച് സിജോ ജോസഫ് വിശദീകരിച്ച് സംസാരിച്ചു. അതിരൂപതയിൽ സമർപ്പിക്കാനുള്ള വാർഷിക തെരട്ട് പൊതുയോഗം പാസ്സാക്കിയത് പ്രതിനിധിയോഗം അംഗീകരിച്ചു പാസ്സാക്കി.
4. കുടുംബകൂട്ടായ്മകളുടെ വാർഷിക കണക്ക് ഇന്റേണൽ ഓഡിറ്റർ പി.ജെ. ടോണി പൊതുയോഗത്തിൽ അവതരിപ്പിച്ചത് പ്രതിനിധിയോഗം അംഗീകരിച്ച് പാസ്സാക്കി.
5. ഭക്തസംഘടനകളുടെ വാർഷിക കണക്ക് ഇന്റേണൽ ഓഡിറ്റർ ജോപ്പോൾ വി. ആലപ്പാട്ട് പൊതുയോഗത്തിൽ അവതരിപ്പിച്ചത് പ്രതിനിധിയോഗം അംഗീകരിച്ച് പാസ്സാകി.
6. ഇടവക ചെറിയ തിരുനാൾ രൂപരേഖ ജന. കൺവീനർ വി.ജെ. സുനിൽ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു പാസ്സാക്കി.
7. കഴിഞ്ഞ 3 വർഷത്തെ പ്രതിനിധിയോഗ അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് വികായിരച്ചൻ നന്ദി പറഞ്ഞു. സ്നേഹസമ്മാനം കൈമാറി.
8. കൈക്കാരൻ കെ.ജി. ബാബു സമാപന പ്രതിനിധിയോഗത്തിന് നന്ദിപറഞ്ഞു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 14-09-2025 | 3.00 pm | സെന്റ് ജോസഫ് | ചിറയാട്ടിൽ സാമുവൽ റെജീന<br>(MGRA House No: 6, ഗേൾസ് ഹൈസ്കൂളിന് സമീപം) |
| 14-09-2025 | 4.00 pm | മേരിമാതാ | കൂത്തൂര് ലൂവീസ് ലോയ്ഡ്<br>(അന്നംകുളങ്ങര അമ്പലം റോഡ്, കാണിപ്പയ്യൂർ) |
| 21-09-2025 | 3.00 pm | സെന്റ് ആന്റണീസ് | വെള്ളാട്ടുകര ദേവസ്സി ജെയ്മി<br>(ഗ്രീൻ ഗാർഡൻ, ഫയർസ്റ്റേഷന് സമീപം) |
| 21-09-2025 | 4.00 pm | സെന്റ് തോമസ് | എടപ്പുള്ളി ചാക്കോച്ചൻ ജോയ്<br>(ചിറളയം) |
| 28-09-2025 | 3.00 pm | സെന്റ് ജോർജ്ജ് | ചിറ്റടിയിൽ അഗസ്റ്റിൻ സാന്റി<br>(കോട്ടയിൽ റോഡ്) |
| 28-09-2025 | 4.00 pm | സെന്റ് സേവ്യർ | കിഴക്കൂട്ട് ജോസഫ് സിജോ<br>(മിഷൻ റോഡ്) |



# $H_1N_1$ ഇൻഫ്ളുവൻസ
## (പന്നിപ്പനി)

**ഡോ. പോൾ സി. റാഫേൽ**

ഇതൊരു വൈറസ് രോഗമാണ്. മെക്സിക്കോ രാജ്യത്തിൽ നിന്ന് 2009 ഏപ്രിൽ മാസം, ലോകത്തിന്റെ ഇതരഭാഗങ്ങളിൽ അതിവേഗം, മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് വ്യാപിച്ചു. ഇപ്പോൾ ഈ രോഗം അപ്രത്യക്ഷവും, നിയന്ത്രണാതീതവും, മാരകവും അല്ലെങ്കിലും ഏതു സമയത്തും ഈ വൈറസ് രോഗം പടർന്ന് പിടിക്കാൻ സാധിക്കും. അതുകൊണ്ട് ഒരു വേള ഈ രോഗത്തെക്കുറിച്ച് കുറച്ചൊക്കെ മനസ്സിലാക്കുന്നതും മുൻകരുതൽ എടുക്കുന്നതും നന്നായിരിക്കും.

നാം സാധാരണ കണ്ടുവരുന്ന ജലദോഷത്തിന് കാരണമാകുന്ന ഇൻഫ്ളുവൻസാ വൈറസിനോട് താരതമ്യപ്പെടുത്താവുന്ന ഒന്നുതന്നെയാണ് പന്നിപ്പനി വൈറസുകളും. എന്നാൽ ഈ വൈറസുകൾ പന്നികളിൽ കാണുകയോ, രോഗകാരണമാവുകയോ ചെയ്തിട്ടില്ല എന്നതാണ് പ്രത്യേകത. ഈ രോഗത്തിന് കാരണം $H_1N_1$ വൈറസാണ്.

ഈ രോഗം പകരുന്നത് രോഗം പിടിപ്പെട്ടവരിൽ നിന്നു, അടുത്ത് ഇടപഴകുന്നതിലൂടെയോ, വായുവിലൂടെയോ ആണ്. തുമ്മലിലൂടെയും, ചുമയിലൂടേയും അന്തരീക്ഷത്തിൽ ഇൻഫ്ളുവൻസാ വൈറസ് വ്യാപിച്ചു തൊട്ടടുത്തുള്ളവരെ ബാധിക്കുന്നു. രോഗികളിൽ ഉപയോഗിക്കുന്ന കർച്ചീഫിലും മറ്റു ഉപയോഗിക്കുന്ന വസ്തുക്കളിലും, കൈകളിലും വൈറസിന്റെ സാന്നിധ്യമുണ്ടായിരിക്കും. രോഗാണുബാധയുണ്ടായി ഒരാഴ്ചക്കുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടാകും. പനി, ശരീരവേദന, ചെറിയ തൊണ്ടവേദന, മൂക്കൊലിച്ചു തുമ്മൽ, ചുമ, തലവേദന, ക്ഷീണം എന്നിവയാണ് പ്രധാനലക്ഷണങ്ങൾ ഇതോടൊപ്പം ചിലർക്ക് ഓക്കാനവും ഛർദ്ദിയും വയറിളക്കവും കണ്ടെന്നു വരാം.

എല്ലാം രോഗങ്ങളെപ്പോലെ ശുചിത്വം ഇല്ലായ്മയാണ് രോഗം പകരാൻ പ്രധാന കാരണം. ജലദോഷപ്പനിയുമായി വളരെ ഏറെ സാമ്യമുള്ളതുകൊണ്ട് രോഗനിർണ്ണയം വരുത്തുന്നത്, തൊണ്ടയിലേയോ മൂക്കിലേയോ സ്രവങ്ങൾ എടുത്ത് ലാബ് പരിശോധനയിലൂടെയാണ്.

ഇന്ന് ഈ രോഗം ഫലപ്രദമായ ആന്റി വൈറൽ മരുന്ന് ഉപ

യോഗിച്ച് ചികിത്സ നടത്താം. ടാമിഫ്ളൂ, റിലൻസ എന്നീ മരുന്നുകളാണ് നല്കിവരുന്നത്. ശ്വാസകോശ സംബന്ധമായ, മറ്റു രോഗങ്ങൾ ഉണ്ടെങ്കിൽ മാത്രം ആന്റി ബയോട്ടിക്സ് മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരം കൊടുക്കാം.

രോഗ നിർണ്ണയം ചെയ്താൽ ഒട്ടും വൈകാതെ ചികിത്സ തുടങ്ങണം. ഈ രോഗത്തിന് ഫലപ്രദമായ വാക്സിൻ ഇല്ല. രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1) രോഗബാധിത സ്ഥലങ്ങളിലേക്ക് അനാവശ്യയാത്രകൾ ഒഴിവാക്കുക. പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുകയും, കൈകൾ കൊണ്ട് മറ്റുള്ളവരെ സ്പർശിക്കാതെയും, കണ്ണ്, മൂക്ക്, വായ തൊടാതിരിക്കുകയും വേണം.
2) മാസ്കുകൾ ഉപയോഗിക്കുക.
3) കൈകൾ ഇടക്കിടെ സോപ്പിട്ടു കഴുകുക.

രോഗികൾക്ക് ലളിത ഭക്ഷണ രീതിയാണ് നല്ലത്. കൊഴുപ്പുള്ള ഭക്ഷണം ഒഴിവാക്കുക. ധാരാളം ശുദ്ധജലം കുടിക്കുക. ഇളനീർ വെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത പാനീയം രോഗിക്ക് നല്കുക. പഴ വർഗ്ഗങ്ങളും, പോഷകാഹാരം നൽകി. ആവശ്യത്തിന് വിശ്രമവും വേണ്ടതാണ്. രോഗിയുമായി കൂടുതൽ ഇടപെടുന്നതും ഒഴിവാക്കണം.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

## മിഴിവിളക്ക്

# കാവൽ മാലാഖ

### 10. അലാഡിയ : "വിജയത്തിൽ സന്തോഷിക്കുന്ന ദൈവം"
### (മെയ് 6–10 കാലയളവിൽ ജനിച്ചവർക്ക്)

തന്റെ കീഴിലുള്ളവരിലെ ദുഷിച്ച സ്വാധീനങ്ങളെ മാറ്റി അനുരഞ്ജനവും ആനന്ദവും ഉണ്ടാക്കാൻ കെൽപ്പുള്ള ദൂതനാണ് അലാഡിയ. ഹസിയേലിനെപ്പോലെ പൂർണമായ ക്ഷമ വാങ്ങിത്തരുന്നവനല്ലെങ്കിലും മിക്ക ദുഷ്ടകൃത്യങ്ങൾക്കും പൊറുതി നേടികൊടുക്കും. പൂർവിക പാപങ്ങൾക്കുള്ള ക്ഷമ ഇദ്ദേഹത്തിന്റെ മധ്യസ്ഥതയാൽ ലഭിക്കുന്നതല്ല എന്ന് ഓർമിക്കണം. ഏതായാലും മോശമായ സ്വന്തം ഭൂതകാലത്തെ ദൂരെക്കളഞ്ഞ് ജീവിതം പുനഃരാരംഭിക്കാൻ അലാഡിയ നമുക്കു കെൽപ്പുതരും. രോഗശാന്തീവരവും ഈ ദൂതനുണ്ട്. ധാർമികമായി ഒരു വ്യക്തിയെ വീണ്ടെടുക്കാനും കഴിവുണ്ട്.

പ്രാർത്ഥന : അങ്ങിൽനിന്നു ഞാൻ സ്വീകരിച്ച നന്മകൾ മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുക്കാനുള്ള ശക്തി. ഓ ദൈവമേ എനിക്കു തന്നാലും! പരസേവനത്തിനായി എന്നെ പൂർണമായി ഒരുക്കണമേ. രോഗസൗഖ്യവും ജ്ഞാനത്തിന്റെ ഉണർവും വഴി അവർ അങ്ങയുടെ ശക്തി എന്നിലൂടെ തിരിച്ചറിയുമാറാകട്ടെ. പങ്കുവെപ്പിന്റേയും ഔദാര്യത്തിന്റേയും മകുടമായിത്തീരാൻ എന്നെ സഹായിച്ചാലും. അറിവില്ലായ്മയാൽ തെറ്റു ചെയ്തു പോകുന്നവർക്കുവേണ്ടി വാദിക്കുന്ന മധ്യസ്ഥനായും എന്നെ പരിവർത്തിപ്പിക്കണമേ. അങ്ങയുടെ കൃപയുടെ വാഹകനായി എന്നെ മാറ്റിയാലും അങ്ങനെ അവിടുത്തെ സ്നേഹപ്രവൃത്തികൾ പൂർത്തീകരിക്കപ്പെടട്ടെ.

ഉപദേശം : ഞാൻ നിന്നിൽ പ്രായോഗിക ബുദ്ധിയും ആരോഗ്യവും സ്ഥാപിക്കും. സർവ്വശക്തന്റെ നന്മകൾ വിതരണം ചെയ്യുന്നവനാണു ഞാൻ. മറ്റുള്ളവർക്ക് ഗുണകരമാകുംവിധം നിന്റെ അസ്തിത്വത്തെ ഞാൻ നന്മനിറഞ്ഞതാക്കും.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം



# 3rd Year of Remembrance



## Sr. M. Margaret

Peramamgalath
Missionary Sisters of St. Peter Claver
D/o. Mr. Kunjippu & Kunjhamma
Kottapadi

Born : 27-08-1943 | 1st Profession : 01-07-1968 | Death : 30-09-2022

*With prayers*
*Alice Jose Kizhakoot & Family, Kunnamkulam*



# സ്മരണാഞ്ജലി

**9-ാം ചരമവാർഷികം**

**05-09-2025**

## മുട്ടത്ത് റപ്പായി
## ജോസ്

സന്തപ്ത കുടുംബാംഗങ്ങൾ

ഭാര്യ : റോസി

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


# സ്മരണാഞ്ജലി

**20-ാം**
**ചരമ വാർഷികം**

**10-09-2025**

## വാകയിൽ കൊച്ചാപ്പു
## വർഗ്ഗീസ്

ചിറളയം, കുന്നംകുളം



ഭാര്യ : മറിയാമ്മ

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സന്തപ്ത കുടുംബാംഗങ്ങൾ

Harry Joepaul | Jerry Joepaul | Julia Jose | Joffia Jose | Joyal Jose | Janet Joshy | Godwin Manoj | Grace Manoj

# സംഘടനാ വാർത്തകൾ

**യൂത്ത് സി.എൽ.സി.**

* സംഘടനയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 3 ഞായറാഴ്ച വൈകുന്നേരം ഇഗ്നേഷ്യൻ ഡേ ആചരണവും യൂത്ത് സി.എൽ.സി. കുടുംബസംഗമവും നടത്തി. അന്നേദിവസം അലിവ് 2K25ന്റെ ഒന്നാം ഘട്ടമായി ബ്ലഡ് ഡോണേഴ്സ് ഡയറക്ടറി ഉദ്ഘാടനം ചെയ്യുകയും. ബ്ലഡ് ഡോണേഴ്സിനുള്ള വാട്സാപ്പ് ഗ്രൂപ്പ് ആരംഭിക്കുകയും ചെയ്തു.
* ആഗസ്റ്റ് 10 ഞായർ അലിവ് 2K25 ന്റെ 2-ാം ഘട്ടമായി കൊളങ്ങാട്ടുകര എളവള്ളി, ചൊവ്വന്നൂർ, അഞ്ഞൂർ ഇവിടങ്ങളിലെ ആതുരാലയങ്ങളിലേക്ക് അന്നദാനം നടത്തി. വിശ്വാസപരിശീലന വിദ്യാർത്ഥികളും ടീച്ചേഴ്സും, യൂത്ത് സി.എൽ.സി. അംഗങ്ങളും സഹകരിച്ച് 128 പൊതിച്ചോർ ദാനം നൽകാൻ സാധിച്ചു.
* ആഗസ്റ്റ് 10 ഞായർ രാവിലെ 7.30 മുതൽ വൈകീട്ട് 7.30 വരെ മരിയൻ എക്സ്പോ 2K25 എന്ന പേരിൽ വിവിധ തരം കൊന്തകളുടെ പ്രദർശനം നടത്തി.
* ആഗസ്റ്റ് 14ന് അലിവ് 2K25 മൂന്നാം ഘട്ടമായി പാവപ്പെട്ട കുടുംബാംഗങ്ങൾക്കുള്ള പലചരക്ക് കിറ്റ് വിതരണം ചെയ്തു.
* ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യദിന ടാബ്ലോ പ്രസന്റേഷനും ദേശീയ പതാക വാന്ദനവും നടത്തി. അന്ന് യൂത്ത് സി.എൽ.സി. ദിനമായും ആചരിച്ചു.
* നാലാം വെള്ളിയാചരണവും, വി. എവുപ്രാസ്യമ്മ തിരുനാളുമായി ആചരിച്ച ആഗസ്റ്റ് 29ന് തിരുനാൾ കുർബാനയ്ക്കും, തിരുശേഷിപ്പ് വണക്കം & നേർച്ചകഞ്ഞി വിതരണവും നേതൃത്വം നൽകി.

**അൾത്താരസംഘം**

* ആഗസ്റ്റ് 4 തിങ്കളാഴ്ച വിയാനി തിരുനാളിനോടനുബന്ധിച്ച് തിരുനാൾ കുർബാന, പുഷ്പാർച്ചന, നേർച്ച വിതരണം എന്നിവയ്ക്ക് നേതൃത്വം നൽകി.
* ആഗസ്റ്റ് 9ന് അൾത്താര സംഘദിന വാർഷിക പൊതുയോഗവും കുടുംബസംഗമവും നടത്തി.
* ആഗസ്റ്റ് 13 ഞായർ വി. ജോൺ ബെർകുമെൻസിന്റെ തിരുനാളിന് നേതൃത്വം നൽകി.



**ജൂനിയർ സി.എൽ.സി. പംക്തി**

# പരിശുദ്ധ മറിയം വിശ്വാസത്തിന്റെ മാതൃക

**ആൻറിച്ച് തെരേസ ജോയ്**

പരിശുദ്ധ മറിയം ക്രൈസ്തവ വിശ്വാസത്തിലെ ഏറ്റവും വിശുദ്ധിയും, മഹത്വമുള്ള സ്ത്രീയാണ്. യേശുക്രിസ്തുവിന്റെ മാതാവും, ദൈവത്തിന്റെ ദാസിയുമായ മറിയത്തെ ക്രൈസ്തവർ ആരാധിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഗർഭം ധരിച്ച് ലോകത്തിന് രക്ഷകനായ യേശുവിനെ ജനിപ്പിച്ചതിനാൽ മറിയത്തിന് "ദൈവമാതാവ്" എന്ന ബഹുമാനം ലഭിച്ചു. മറിയത്തിന്റെ ജീവിതം വിനയവും വിശ്വാസവും വിശുദ്ധിയും നിറഞ്ഞതാണ്. ഗബ്രിയേൽ ദൂതൻ നൽകിയ സന്ദേശം സന്തോഷത്തോടെ സ്വീകരിച്ച് അവൾ ദൈവത്തിന്റെ പദ്ധതിക്കു കീഴടങ്ങി. ക്രൂശിലെ വേദനയിലും മകന്റെ പീഡയിലും മറിയം ഉറച്ച വിശ്വാസത്തോടെ നിന്നു. അതിനാൽതന്നെ നമുക്കെല്ലാവർക്കും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചു ജീവിക്കാം.

**ജൂനിയർ സി.എൽ.സി.**

* ആഗസ്റ്റ് 10 ഞായറാഴ്ച ജീവൻ സംരക്ഷണ ദിനമായി ആചരിച്ചു. ദിനത്തിന്റെ അവബോധം നൽകിക്കൊണ്ട് പ്രസംഗവും ടാബ്ലോയും അവതരിപ്പിച്ചു.

**കത്തോലിക്ക കോൺഗ്രസ്സ്**

* ആഗസ്റ്റ് 24 ഞായറാഴ്ച കത്തോലിക്ക കോൺഗ്രസ്സ് ദിനത്തിൽ ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായി കാരംസ് ടൂർണമെന്റ് ഒരുക്കി.

**പ്രാർത്ഥനാ ഗ്രൂപ്പ്**

* ആഗസ്റ്റ് 29ന് നാലാം വെള്ളിയാഴ്ചയാചരണം, വി. ഏവുപ്രാസ്യമ്മ തിരുനാൾ ആചരണം എന്നിവയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം സമർപ്പിത സംഗമവും നടത്തപ്പെട്ടു.

**തിരുബാലസഖ്യം**

* ആഗസ്റ്റ് 15ന് ഓരോ യൂണിറ്റിലേയും മുതിർന്ന മേരി നാമധാരികളെ ആദരിച്ചു.

# ഇടവക ആൽബം

കുട്ടികൂട്ടായ്മ കലാവിരുന്ന് 2K25 ബെസ്റ്റ് ആക്റ്റർ & ബെസ്റ്റ് ആക്റ്റ്റർസ് & ബെസ്റ്റ് എഡിറ്റിംഗ്



വിശ്വാസ പരിശീലന സൂപ്പർ സൺഡേ



വിശ്വാസ പരിശീലന ക്ലാസ്സ് അടിസ്ഥാന കൂദാശ അവതരണം



# ഇടവക ആൽബം

മേരി നാമധാരികൾക്ക് ആദരം



റെയിൻബോ ക്യാമ്പ് 2025



കുടുംബകൂട്ടായ്മ കേന്ദ്ര സമിതി 2025-2028




മരിയൻ എക്സ്പോ 2K25



ഭക്തസംഘടന
ഏകോപന സമിതി 2025-28




മൂന്നാം ചരമവാർഷികം
11 - 09 - 2025
വലിയവീട്ടിൽ ജോണി
വിൽസൻ
ചിറളയം
ജനനം
04 - 06 - 1963
മരണം
11 - 09 - 2022
ദുഃഖസ്മരണകളോടെ...
അൽഫോൻസ്, വിജോൺ, വിജിൻ, വിസ്മയ

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഭക്തസംഘടന ഏകോപന സമിതി

## ഭാരവാഹികൾ (2025–2028)

**കൺവീനർ**



സി.ഒ. ആന്റണി
✆ 92498 88232

**സെക്രട്ടറി**



ഷോബി റൊണാൾഡ്
✆ 81119 22046

**ട്രഷറർ**



വി.സി. ജോസി
✆ 98470 17297

**ജോ. കൺവീനർമാർ**




വി.ജെ. സുനിൽ



ജാൻസി ആന്റോ

**ജോ. സെക്രട്ടറിമാർ**



കെ.എൽ. ലോയ്ഡ്



ശില്പ ഇ.ആർ.

**നോമിനേറ്റഡ് മെമ്പേഴ്സ്**



പേൾജു ബേബി ചുങ്കത്ത്



പി.ജെ. കൃപദാസ്

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# കുടുംബകൂട്ടായ്മ കേന്ദ്രസമിതി

## ഭാരവാഹികൾ (2025–2028)

**കൺവീനർ**




ലിയോൺ ജോർജ്ജ്
✆ 96056 14973

**സെക്രട്ടറി**



ആനന്ദി സുനിൽ
✆ 94958 55053

**ട്രഷറർ**



തോംസൺ തച്ചിൽ
✆ 94460 49420

**ജോ. കൺവീനർമാർ**



പേൾജു ബേബി ചുങ്കത്ത്



ലില്ലി ആന്റണി

**ജോ. സെക്രട്ടറിമാർ**



എം.എൽ.സുനിൽ



ഷിബിത ബൈജു

**നോമിനേറ്റഡ് മെമ്പേഴ്സ്**



ഷാജി വർഗ്ഗീസ്



ആന്റു വർഗ്ഗീസ്

# ഇടവക ആൽബം

## വി. വിയാനി തിരുനാൾ



## പ്രതിഷേധം




## എ.ബി.എ. പതാകദിനം



## വി. ജോൺ ബർകുമെൻസിന്റെ തിരുനാൾ






## അൾത്താരസംഘ ദിനം






## വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണം






# ഇടവക ആൽബം

| കതിരൊളി സപ്ലിമെന്റ് | കുട്ടികൂട്ടായ്മ കയ്യെഴുത്ത് പ്രതി | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
|---|---|---|






## യൂത്ത് സി.എൽ.സി. ദിനം & മെറിറ്റ് ഡേ









## വിശ്വാസ പരിശീലന ഗ്രാജുവേഷൻ സെറിമണി





# ഇടവക ആൽബം

## അലിവ് 2K25



## വി. എവുപ്രാസ്യമ്മയുടെ തിരുനാൾ





## സമർപ്പിത സംഗമം



## വഴിവിളക്ക്

# പത്ത് കല്പനകൾ

**ആറാം കല്പന**

"വ്യഭിചാരം ചെയ്യരുത്" (പുറ 20:14)

മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതു കൊണ്ട് ദൈവം ഇരുവർക്കും തുല്യമായ വ്യക്തിമാഹാത്മ്യം നൽകിയിരിക്കുന്നു. ഇരുവരും സ്ത്രീയും പുരുഷനും തങ്ങളുടെ ലൈംഗിക തനിമയെ അംഗീകരിക്കുകയും സ്വീകരിക്കുകയും വേണം (സിസിസി 2393)

ദമ്പതികൾ സ്വമനസ്സാ ചെയ്ത ഉടമ്പടി വിശ്വസ്തമായ സ്നേഹം ആവശ്യപ്പെടുന്നു. തന്മൂലം തങ്ങളുടെ വിവാഹത്തെ അഭേദ്യമായി സംരക്ഷിക്കാനുള്ള കടമ അവർക്കുണ്ട് (സിസിസി 2397)

**ചിന്താവിഷയം**

1. ആറാം കല്പനയുടെ ലംഘനം കുടുംബജീവിതത്തിൽ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഏവ? അതില്ലാതാക്കാൻ എന്തൊക്കെ ചെയ്യാം?
2. "വിശ്വസ്തത" നിലനിർത്താൻ ചെയ്യാവുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം?

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



## അനുമോദനങ്ങൾ

ജൂലൈ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**ചുളുവിൽ ജോൺ ഇമ്മാനുവേലിന്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*



*In Ever Loving Memory of*
*Our Beloved Appachan & Ammachy*





**E.A. VARU**
Born : 10-10-1925
Died : 24-12-1960

**M.O. ROSSY**
Born : 29-10-1931
Died : 26-09-2008

*Edappully House*
*Vyssery - Kunnamkulam*




Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078
Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.
T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE
HUID CERTIFIED JEWELLERY
Certified by INTERNATIONAL GEMOLOGICAL INSTITUTE

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Aleena Kakkassery , Class : VI, St. Joseph Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

പാചക കോർണർ

# ബീഫ് വിന്താലു

ബിന്ദു രാജു



**ചേരുവകൾ**

| | |
|---|---|
| ബീഫ് കഷണങ്ങൾ | 1 കി. |
| വെളുത്തുള്ളി | 5 അല്ലി |
| ചുവന്നുള്ളി | 10 എണ്ണം |
| ഇഞ്ചി | 1 കഷണം |
| മല്ലിപ്പൊടി | 2 ടീസ്പൂൺ |
| വറ്റൽ മുളക് | 3 എണ്ണം |
| പെരുംജീരകം | 1 ടേബിൾ സ്പൂൺ |
| മഞ്ഞൾപൊടി | അര ടീസ്പൂൺ |
| ഉലുവ | അര ടീസ്പൂൺ |
| കടുക് | 1 ടീസ്പൂൺ |
| വിനാഗിരി | 4 ടീസ്പൂൺ |
| കുരുമുളക് | അര ടീസ്പൂൺ |
| മുളകുപൊടി | 2 ടീസ്പൂൺ |
| പഞ്ചസാര | അര ടീസ്പൂൺ |
| ഉപ്പ് | ആവശ്യത്തിന് |

**പാചകവിധി :-**

പെരുംജീരകവും, ഉലുവയും, കടുകും, വറ്റൽ മുളകും കൂടി ചൂടാക്കി പൊടിച്ച് എടുക്കുക. അതിൽ പഞ്ചസാര, വിനാഗിരി ചേർത്ത് മാറ്റിവെക്കുക. കുക്കർ എടുത്ത് അതിൽ വെളിച്ചെണ്ണ ഒഴിച്ചു ചൂടാകുമ്പോൾ അതിലേക്ക് ചതച്ച ഇഞ്ചി വെളുത്തുള്ളി ചേർത്ത് പച്ചമണം മാറുന്നവരെ ഇളക്കുക. നന്നായി മൂത്ത് വരുമ്പോൾ മല്ലിപ്പൊടി, മുളകുപൊടി ഇട്ട് മൂത്ത് വരുമ്പോൾ മഞ്ഞൾ പൊടി ഇട്ട് നല്ലപോലെ ഇളക്കി വെക്കുക.

അതിലോട്ട് ആദ്യം മിക്സ് ചെയ്ത ചേരുവ ചേർത്ത് ഇളക്കി ഇതിലോട്ട് ബീഫ് ചേർത്ത് ഇളക്കുക. 1/2 ഗ്ലാസ്സ് വെള്ളവും ചേർത്ത് ഉപ്പും ചേർത്ത് ഇളക്കി കുക്കർ അടച്ചു വെച്ചു വേവിക്കുക. (വേവിന് അനുസരിച്ച് വിസിൽ തീരുമാനിക്കുക) വെന്ത് കഴിയുമ്പോൾ അതിൽ വെള്ളം ഉണ്ടെങ്കിൽ വറ്റിച്ച് എടുക്കുക.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ....................................... ഫോൺ നമ്പർ :...............................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ഹെപ്സിക കെ. ഉണ്ണി**

Std : VIII, Marymatha Kudumbakoottayma

*"റോഡിൽ ഇപ്പോൾ വണ്ടികൾ മാത്രമല്ല വഞ്ചിയും പോകുമെടാ..."*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

ടച്ച് മീ
TOUCH ME

പാരിഷ് ബുള്ളറ്റിൻ

# വചന കലണ്ടർ

## 2025 സെപ്തംബർ SEPTEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **01**<br>1 യോഹ 4:7–11<br>ലൂക്കാ 6:43–45 | **02**<br>1 തെസ 3:2–6<br>മത്താ 9:18–26 | **03**<br>1 തെസ 5:1–11<br>മർക്കോ 24:37–44 | **04**<br>റോമ 15:14–21<br>മത്താ 12:46–50 | **05**<br>യാക്കോ 2:14–17<br>മത്താ 25:31–40 | **06**<br>1 യോഹ 2:1–6<br>ലൂക്കാ 21:5–6<br>20–24 |
| **07**<br>നിയ 6:20–25 (6:20–7:6)<br>ഏശ 31:4–9(31:1–9)<br>2 തെസ 1:3–10(1:1–10)<br>ലൂക്കാ 18:35–45<br>(18:35–19:10) | **08**<br>വെളി 12:1–6<br>മത്താ 1:1–16 | **09**<br>ഗലാ 3:15–20<br>ലൂക്കാ 9:23–27 | **10**<br>ഗലാ 4:8–11<br>ലൂക്കാ 12:41–48 | **11**<br>1 പത്രോ 1:22–25<br>ലൂക്കാ 17:20–37 | **12**<br>റോമ 8:18–25<br>ലൂക്കാ 12:54–59 | **13**<br>എഫേ 4:1–7, 11–13<br>മർക്കോ 4:1–9 |
| **14**<br>സംഖ്യ 21:4–9<br>ഏശ 42:13–17<br>1 കോറി 1:18–25 (1:18–31)<br>ലൂക്കാ 24:13–27<br>(24:13–35) | **15**<br>ഫിലി 4:10–14<br>മത്താ 5:43–48 | **16**<br>2 പത്രോ 3:1–7<br>മത്താ 23:29–36 | **17**<br>1 തെസ 4:13–18<br>മത്താ 24:29–36 | **18**<br>1 തിമോ 1:12–17<br>മത്താ 25:31–40 | **19**<br>2 തിമോ 2:1–7<br>ലൂക്കാ 4:31–37 | **20**<br>ഹെബ്രാ 11:23–26<br>മത്താ 9:9–13 |
| **21**<br>നിയ 9:1–6(9:1–8)<br>ഏശ 25:1–8<br>ഫിലി 3:1–11(3:1–14)<br>മത്താ 17:14–21 (17:14–27) | **22**<br>1 യോഹ 5:13–21<br>യോഹ 8:39–47 | **23**<br>റോമ 3:1–8<br>മത്താ 10:26–33 | **24**<br>2 കോറി 13:5–10<br>മത്താ 21:18–22 | **25**<br>2 പത്രോ 2:20–22<br>മത്താ 11:11–19 | **26**<br>2 പത്രോ 1:20–23<br>മത്താ 15:1–9 | **27**<br>1 കോറി 1:26–31<br>മത്താ 9:35–38 |
| **28**<br>നിയ 9:13–24<br>ഏശ 26:1–11 (26:1–19)<br>ഫിലി 4:4–9 (4:4–23)<br>മത്താ 15:21–28<br>(15:21–38) | **29**<br>വെളി 12:7–12<br>യോഹ 1:43–51 | **30**<br>2 തിമോ 3:12–17<br>മത്താ 13:44–52 | 01<br>എഫേ 3:14–19<br>മത്താ 18:1–5 | 02<br>ശ്ലീഹ 12:6–11<br>മത്താ 18:10–14 | 03<br>തീത്തോസ് 2:6–10<br>ലൂക്കാ 11:5–13 | 04<br>ഗലാ 6:14–17<br>മത്താ 11:25–30 |

37TH Death Anniversary
18-11-2025

34TH Death Anniversary
23-08-2025





**കിഴക്കൂട്ട്**
**ദേവസ്സി വൈദ്യർ**

**കിഴക്കൂട്ട്**
**ദേവസ്സി വൈദ്യർ ഭാര്യ**
**മോനിക്ക**

പ്രാർത്ഥനാപൂർവ്വം
സ്നേഹസ്മരണകളോടെ

മക്കൾ - മരുമക്കൾ
പേരക്കുട്ടികൾ




# ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി പരിശോധനകളും കുറഞ്ഞ നിരക്കിൽ,
ഹെൽത്ത് കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ എടുക്കാൻ സൗകര്യം,
ഹോം കളക്ഷൻ സർവീസ് മുൻകൂട്ടി ബുക്കിംഗ് പ്രകാരം വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

**MIKHAEL**
BIO TECH DIAGNOSTICS CENTER
ലബോറട്ടറി, ഇ.സി.ജി.

| Mattom | Aloor | Edakkalathoor | Nayarangadi |
|---|---|---|---|
| 82 89 82 4444 | 8 30 40 30 444 | 8 30 40 60 444 | 8 30 40 70 444 |

Opening Soon at
Liwa Tower Shopping Complex
**KUNNAMKULAM**
**8 30 40 80 444**



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only  Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM